പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1912 — 10.3.2020 ൽ മറുപടിയ്ക്ക്

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ നടന്ന വികസന പ്രവർത്തനങ്ങൾ

ചോദ്യം — മറുപടി

പ്രൊഫ.കെ.യു. അരുണൻ — കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇരിങ്ങാലക്കട കല്ലേറ്റുംകരയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കാമോ; | (എ) വിശദാംശങ്ങൾ താഴെ ചേർക്കുന്നു:<br>1. നിലവിലെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കൽ<br>2. റീഹാബ് ഓൺ വീൽസ് പദ്ധതി<br>3. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെയും പർച്ചേസ്<br>4. സോളാർ ഫോട്ടോ വോൾട്ടായിക് സിസ്റ്റം സ്ഥാപിക്കൽ<br>5. കൃത്രിമ കൈകാൽ നിർമ്മാണ യൂണിറ്റ് ആധുനികവൽക്കരിക്കൽ<br>6. ഇൻസിനറേറ്റർ സ്ഥാപിക്കൽ<br>7. സെർവർ റൂം സജ്ജീകരണം<br>8. ഒക്യൂപ്പേഷണൽ തെറാപ്പി ബിരുദ കോഴ്സ് ആരംഭിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ<br>9. NIPMR ന്റെ കൈവശ ഭൂമിയിലെ അതിർത്തിയിൽ കമ്പി വേലി സ്ഥാപിക്കുന്നത്<br>10. ഫിസിയോ തെറാപ്പി വിഭാഗത്തിന് ആധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങൽ<br>11. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളിന്റെ നവീകരണം<br>12. ശ്രവണ സംസാര ഭാഷാ വിഭാഗത്തിന്റെ ശാക്തീകരണം<br>13. പ്രളയ ബാധിതർക്ക് സഹായ ഉപകരണങ്ങളുടെ വിതരണം |

| | |
|---|---|
| | 14. NIPMR അഗ്നി പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്<br>15. അക്കാദമിക് പ്രോഗ്രാമുകൾക്കായി സെമിനാർ ഹാളുകൾ നിർമ്മിക്കുന്നത്<br>16. സെൻസറി പാർക്ക് സുരക്ഷാ മാനദണ്ഡമനുസരിച്ച് നിർമ്മാണം നടത്തുന്നത്<br>17. സാനിറ്ററി നാപ്കിൻ ഡിസ്പോസർ സ്ഥാപിക്കൽ<br>18. വീൽചെയർ ആശ്രയിക്കേണ്ടി വരുന്ന രോഗികളെ മുകൾ നിലകളിൽ എത്തിക്കുന്നതിന് സ്റ്റെയർ ക്ലൈംബിംഗ് വീൽചെയർ വാങ്ങൽ<br>19. സ്പൈനൽ കോഡ് ഇഞ്ചുറി റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ<br>20. ഡോണർവാൾ നിർമ്മാണം<br>21. സെൻസറി പാർക്കിൽ പെഡഗോഗിക് എലമെന്റ്സ് ഉൾക്കൊള്ളിക്കൽ<br>22. ഹൈഡ്രോ തെറാപ്പി യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ<br>23. സെമിനാർ ഹാൾ ശീതീകരണം<br>24. ഗസ്റ്റ് ഹൗസ് പ്രവർത്തനക്ഷമമാക്കൽ<br>25. ഫർണിച്ചർ വാങ്ങൽ<br>26. ഗസ്റ്റ് ഹൗസ് നവീകരണം<br>27. ടെലിവിഷൻ വാങ്ങൽ<br>28. സൈബർ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തൽ<br>29. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ റിസർച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കൽ<br>30. ഒക്യൂപ്പേഷണൽ തെറാപ്പി വിഭാഗത്തിന്റെ ശാക്തീകരണം<br>31. ഓൺലൈൻ UPS പർച്ചേസ് |

| | |
|---|---|
| (ബി) പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്; വർഷം തിരിച്ച് കണക്ക് നൽകാമോ; | (ബി) NIPMR ന്റെ വികസന പ്രവർത്തനങ്ങൾക്ക് നാളിതുവരെ നൽകിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |
| (സി) ഹൈഡ്രോ തെറാപ്പി സെന്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) ഹൈഡ്രോ തെറാപ്പി സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. 2020 സെപ്റ്റംബർ മാസത്തോടെ പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിന് 18,09,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| സാമ്പത്തിക വർഷം | തുക (Rs) |
|---|---|
| 2016-17 | 2,98,39,500 |
| 2017-18 | 4,54,66,300 |
| 2018-19 | 3,00,00,000 |
| 2019-20 | 6,99,18,065 |

Jasmin Thomas

സെക്ഷൻ ഓഫീസർ